# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 550 04.07.2019 ൽ മറുപടിക്ക്**

**റോഡുകളിലെ വാഹന പാർക്കിംഗിനുള്ള ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഇരുവശങ്ങളിലും പാർക്കുചെയ്യുന്ന വാഹനങ്ങളുടെ ഉടമസ്ഥരിൽ നിന്നും ഫീസ് പിരിക്കുന്നതിന് ആർക്കെങ്കിലും അനുമതി നൽകിയിട്ടുണ്ടോ; | എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഇരുവശങ്ങളിലും പാർക്കുചെയ്യുന്ന വാഹനങ്ങളുടെ ഉടമസ്ഥരിൽ നിന്നും ഫീസ് ഈടാക്കുന്നതിന് ഈ വകുപ്പിൽ നിന്നും ആർക്കും അനുമതി നൽകിയിട്ടില്ല. എന്നാൽ തിരുവനന്തപുരം നഗരസഭയിൽ 03.11.15 ൽ ബഹു. കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ മൂന്നംഗ ഭരണസമിതിയാണ് നഗരസഭാ പരിധിയിൽ എം.ജി.റോഡിൽ പാർക്കിംഗ് ഫീസ് ഈടാക്കുന്ന സംവിധാനം ഏർപ്പെടുത്തിയത്. ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ നിയന്ത്രണത്തിലുള്ള ട്രാഫിക് വാർഡർമാരാണ് ട്രാഫിക് ഫീസ് പിരിവ് നടത്തുന്നത്. ഇത്തരത്തിൽ പിരിവ് നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ആർക്കും അനുമതി നൽകിയിട്ടില്ല. |
| ബി) | അനുമതിയില്ലാതെ ചില സ്വകാര്യ ഏജൻസികൾ ഉൾപ്പെടെവാഹന പാർക്കിംഗിന് ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയില്ലാതെ പൊതുമരാമത്ത് റോഡിന്റെ വശങ്ങളിൽ പാർക്ക് ചെയ്യിരിക്കുന്ന വാഹനങ്ങളുടെ ഉടമസ്ഥരിൽ നിന്ന് നഗരസഭ പാർക്കിംഗ് ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ദേശീയപാത 66 ന്റെ പ്ലാമൂട് മുതൽ കേശവദാസപുരം വരെയുള്ള ഭാഗത്ത് വകുപ്പിന്റെ അനുമതി ഇല്ലാതെ തിരുവനന്തപുരം കോർപ്പറേഷൻ നൽകുന്ന രസീത് ബുക്കുപയോഗിച്ച് ട്രാഫിക് വാർഡർമാർ |

പാർക്കിംഗ് ഫീസ് ഈടാക്കുന്നതായും അത് കോർപ്പറേഷനിൽ അടയ്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം നഗരസഭയുടെ ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശാനുസരണം കെ.ആർ.എഫ്.ബിയുടെ പരിധിയിലുള്ള എൽ.എം.എസ്-അട്ടക്കുളങ്ങര (എം.ജി.റോഡ്), ആർ.എം.എസ്-തമ്പാനൂർ-ഓവർബ്രിഡ്ജ് റോഡിലും പേ & പാർക്കിംഗ് സംവിധാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ചില ഐ.എ.എസ് കാർക്കു പോലും ചട്ടങ്ങൾ അറിയില്ല. ഇതിനു കൂട്ടുനിന്നവർ വാളെടുത്തവർ വെളിച്ചപ്പാട് എന്ന മട്ടിലാണ്. പിരിവ് നടത്താൻ ഉപദേശക സമിതിയ്ക്ക് യാതൊരു നിയമാധികാരവുമില്ല.

സി) വാഹന പാർക്കിംഗിന് അനധികൃതമായി ഫീസ് ഈടാക്കുന്നത് ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

സി) വാഹന പാർക്കിംഗിന് ഫീസ് പിരിക്കുന്നത് പൊതുമരാമത്ത് വിഭാഗത്തിൽ നിന്നുള്ള യാതൊരു അനുമതിയും കൂടാതെ നടത്തുന്നതിനാൽ ടി പ്രവൃത്തി അടിയന്തരമായി നിർത്തലാക്കാൻ തിരുവനന്തപുരം ദേശീയപാതാ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡി1-ജന/2019 തീയതി 22.05.2019 പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ കെ.ആർ.എഫ്.ബി യുടെ എൽ.എം.എസ് - അട്ടക്കുളങ്ങര (എം.ജി റോഡ്), ആർ.എം.എസ് - തമ്പാനൂർ (ഓവർബ്രിഡ്ജ് റോഡ്) എന്നിവ ഒഴികെയുള്ള മറ്റ് റോഡുകളിൽ പേ & പാർക്കിംഗ് സംവിധാനം ട്രാഫിക് അഡ്വൈസറി കമ്മിറ്റി ഏർപ്പെടുത്തിയത് കെ.ആർ.എഫ്.ബി നിർത്തലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ